പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2104 **26-10-2026-ൽ മറുപടിയ്ക്ക്**

കെട്ടിട നിർമ്മാണ അനുമതി വേഗത്തിൽ ലഭിക്കുന്നതിന് നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സുമേഷ് അച്യുതൻ ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പത്ത് പ്ലോട്ടുകളിൽ കൂടുതൽ ലാൻഡ് ഡെവലപ്മെന്റ് നടത്തിയ സ്ഥലങ്ങളിൽ പത്ത് മുതൽ ഇരുപത് വരെ പ്ലോട്ടുകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയിൽ നിന്നും, ഇരുപതിൽ കൂടുതൽ പ്ലോട്ടുകൾക്ക് ജില്ലാ ടൗൺ പ്ലാനറിൽ നിന്നും ഡെവലപ്പർമാർ അനുമതി വാങ്ങണമെന്ന നിബന്ധന മൂലം, അപ്രകാരം പെർമിറ്റില്ലാതെ വിഭജിക്കപ്പെട്ട ഭൂമി വാങ്ങിയവർക്ക് കെട്ടിട നിർമ്മാണ പെർമിറ്റും പൂർത്തിയായ വീടുകൾക്ക് വീട്ടുനമ്പറും ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(ബി) ഡെവലപ്പർമാരുടെ വീഴ്ച കാരണം പെർമിറ്റോ നമ്പറോ ലഭിക്കാതെ ബുദ്ധിമുട്ടുന്ന സ്ഥലം ഉടമകളുടെ പ്രശ്നം പരിഹരിക്കുന്നതിനായി ലാൻഡ് ഡെവലപ്മെന്റ് പെർമിറ്റ് വേണമെന്ന നിബന്ധന ഒഴിവാക്കുന്നതിനോ ഇളവുകൾ നൽകുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇതിനായി നിലവിലെ ചട്ടങ്ങളിൽ ഭേദഗതി വരുത്തുമോ;

മറുപടി: ഭൂമി പ്ലോട്ടുകളായി വിഭജിച്ച് വികസിപ്പിക്കുമ്പോൾ, ഓരോ പ്ലോട്ടിലേക്കും ചട്ടം അനുസരിച്ച് മതിയായ വീതിയിലുള്ള പ്രവേശനമാർഗ്ഗം, പ്ലോട്ടിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനാവശ്യമായ മഴവെള്ള നിർഗമന സംവിധാനങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, പൊതുസുരക്ഷ, ആരോഗ്യപരിപാലനം, മാനസികോല്ലാസത്തിനായുള്ള ഉപാധികൾ, മാസ്റ്റർ പ്ലാൻ/വികസന പദ്ധതി വ്യവസ്ഥകളുടെ പാലനം തുടങ്ങിയ കാര്യങ്ങൾ ഉറപ്പാക്കി ആസൂത്രിത വികസനത്തിലൂടെ പ്ലോട്ടുടമകൾക്ക് ഗുണമേന്മയുള്ള വാസഗൃഹ മേഖല ലഭ്യമാക്കുന്നതിനാണ് 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ പ്രകാരം ബാധകമായ സാഹചര്യങ്ങളിൽ ഭൂവികസന പെർമിറ്റ് നിഷ്കർഷിക്കുന്നത്. ക്രമരഹിതമായ ഭൂവിഭജനവും ആസൂത്രണമില്ലാത്ത വികസനവും അതുമൂലം ഭാവിയിലുണ്ടാകാനിടയുള്ള സാമൂഹിക-സാമ്പത്തിക-പരിസ്ഥിതി പ്രശ്നങ്ങൾ തടയുന്നതിനായി കെട്ടിടനിർമ്മാണച്ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രസ്തുത വ്യവസ്ഥകൾ, ഡെവലപ്പർമാരുടെ വീഴ്ച കൊണ്ട് പെർമിറ്റോ കെട്ടിട നമ്പറോ ലഭിക്കാത്ത കാരണത്താൽ, ഒഴിവാക്കുന്നതിനോ നിലവിലെ ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കുന്നത് നിലവിൽ പരിഗണനയിൽ ഇല്ല.

(സി) ലാൻഡ് ഡെവലപ്മെന്റ് പെർമിറ്റിന്റെ അഭാവത്തിലും, പഞ്ചായത്തിന്റെ അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടാത്തതും എന്നാൽ പതിറ്റാണ്ടുകളായി പൊതുജനങ്ങൾ ഉപയോഗിക്കുന്നതുമായ കോളനി റോഡുകൾ, പൊതുവഴികൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൗൺസിൽ /കമ്മിറ്റി തീരുമാനപ്രകാരം അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തി പുനരുദ്ധാരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് വകയിരുത്തുന്നതിനും റോഡ് വികസനം നടത്തുന്നതിനും നിയമതടസ്സങ്ങൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: പഞ്ചായത്തിന്റെ അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടാത്തതും പൊതുജനങ്ങൾ ഉപയോഗിക്കുന്നതുമായ കോളനി റോഡുകൾ, പൊതുവഴികൾ എന്നിവയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് വകയിരുത്തുന്നതിന് നിയമപരമായ തടസ്സമുണ്ട്.

(ഡി) അനന്തരാവകാശികൾ ജീവിച്ചിരിപ്പില്ലാത്തതിനാൽ കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലെയും, ആധാരം രജിസ്റ്റർ ചെയ്യ നൽകുന്നതിലെയും സാങ്കേതിക തടസ്സങ്ങൾ കൊണ്ട് തദ്ദേശ സ്ഥാപനങ്ങളുടെ അസറ്റ് രജിസ്റ്ററിൽ പൊതുവഴി ഉൾപ്പെടുത്താൻ സാധിക്കാത്ത സാഹചര്യം കണക്കിലെടുത്തു പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ നിയമ നിർമ്മാണമോ സർക്കുലറോ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മറുപടി: ടി വിഷയത്തിൽ നിയമനിർമ്മാണം /ചട്ട ഭേദഗതി നിലവിൽ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ